പിന്നോക്കാവസ്ഥ അടക്കമുള്ള പ്രശ്നങ്ങളോട് അനുഭാവപൂർവ്വമായ സമീപന മാണ് സർക്കാരിനുള്ളത്. അവ സജീവമായി പരിശോധിച്ച് പരിഹാരം കാണാ നുള്ള ശ്രമത്തിലാണ്. നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ആംഗ്ലോ ഇന്ത്യൻ എഡ്യൂക്കേഷൻ ബോർഡ് മൊത്തം നടത്തുന്ന 11 സ്കൂളുകളിൽ ഒരു സ്കൂളാണ് ഹൈസ്കൂ ളായിട്ടുള്ളത്. രണ്ട് യു.പി. സ്കൂളുകളും ബാക്കി സ്കൂളുകൾ എൽ.പി. സ്കൂളുകളുമാണ്. ഇതിൽ യു.പി. സ്കൂൾ ഹൈസ്കൂളാക്കണമെന്നും രണ്ടോ അല്ലെങ്കിൽ മൂന്നോ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തണ മെന്നുള്ള നിവേദനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയടക്കം നൽകിയിട്ടു ണ്ട്. എന്നാൽ നയപരമായ തീരുമാനമാണെടുക്കേണ്ടത് എന്നുള്ളതുകൊണ്ട് ആ നിലയ്ക്ക് സാധ്യമല്ല എന്ന മറുപടിയാണ് ഗവൺമെന്റിൽനിന്നും ലഭിച്ചത്. ഈ കാര്യം അപേക്ഷയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് സ്കൂളു കൾ അപ്ഗ്രേഡ് ചെയ്യണമെന്നും ഇപ്പോൾ യഹൂദ സമുദായത്തിനും ആംഗ്ലോ ഇന്ത്യൻ സമുദായത്തിനും ഒന്നിടവിട്ട വർഷങ്ങളിൽ കൊടുക്കണമെന്നുള്ള എം.ബി.ബി.എസ്. സീറ്റിന്റെ തീരുമാനം പുനഃപരിശോധിച്ച് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് എല്ലാ വർഷവും കൊടുക്കുകയും യഹൂദ സമുദായത്തിന് അപേക്ഷകരുള്ള സന്ദർഭത്തിൽ അതൊരു പ്രത്യേക ഉത്തരവുമൂലം അവർക്ക് കൊടുക്കാവുന്നതാണ്. ആ നിലയിൽ ആ ഗവൺമെന്റ് ഉത്തരവ് തിരുത്തണ മെന്നുമാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അത് നയപരമായ ഒരു പ്രശ്ന മാണ്. എം.ബി.ബി.എസ്. - ന് ഒരു സീറ്റാണ്. അത് മാറ്റി പ്രത്യേക ഓർഡർ വേണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. ഇത് രണ്ടും നയപരമായ പ്രശ്നമാണ്. മറ്റൊന്ന്, എല്ലാ സ്കൂളുകളും ഹൈസ്കൂളുകളാക്കണമെന്നാണ്. അതും പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

III സബ്മിഷൻ

1. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരികൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം

ശ്രീ. എ. കണാരൻ : സർ, കേന്ദ്ര കാവൽമന്ത്രിസഭ പാലിക്കേണ്ട അടി സ്ഥാന തത്വങ്ങൾപോലും ലംഘിച്ച് പുതിയ സ്വകാര്യവൽക്കരണ തീരുമാന ങ്ങൾ കൈക്കൊണ്ട കേന്ദ്ര സർക്കാരിനെതിരെ ദേശവ്യാപകമായി ഇന്ന്, ജൂലൈ 16-ാം തീയതി നടക്കുന്ന പ്രതിഷേധ ദിനം കേരളത്തിലും ആചരിക്കു കയാണ്. സുപ്രധാനമായ പൊതുമേഖലാസ്ഥാപനങ്ങളിലെ 10,000 കോടി രൂപ യുടെ ഓഹരികൾ വിൽക്കാനും ടെലികോം നയം മാറ്റാനും, എഫ്.എം. റേഡിയോ സ്വകാര്യവൽക്കരിക്കാനുമുള്ള കേന്ദ്ര കാവൽമന്ത്രിസഭയുടെ തീരു മാനങ്ങൾ അത്യന്തം പ്രതിഷേധാർഹമാണ്, രാജ്യദ്രോഹപരമാണ്. ടെലികോം കമ്പനികൾ ഇനി ലൈസൻസ് ഫീസിനുപകരം വരുമാനത്തിന്റെ പങ്ക് നൽകി യാൽ മതിയെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ടെലികോം നയം പാർലമെന്റിന്റെ അംഗീകാരത്തിനുവേണ്ടി വച്ചതാണ്. പാർലമെന്റിന്റെ അംഗീകാരമില്ലാതെയാണ് ടെലികോം നയത്തിന് മാറ്റം വരുത്തുന്നത്. ഇത് നിയമപരമല്ല. ഇത് തികച്ചും ഭരണഘടനാവിരുദ്ധമാണ്. ടാറ്റ, റിലയൻസ്, തുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയ വൻകിട കമ്പനികൾക്കുവേണ്ടിയാണ് ഈ തീരുമാനങ്ങൾ വാജ്പേയി ഗവൺമെന്റ് എടുത്തിട്ടുള്ളത്. തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് വൻകിട കുത്തകക്കാർ വഴിവിട്ട സൗജന്യങ്ങൾ നൽകുന്ന ഈ നടപടി കടുത്ത അഴിമതിയാണ്. ദേശീയ വിനോദസഞ്ചാര വികസന കോർപ്പറേഷൻ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ, മഹാനഗർ ടെലികോം നിഗം ലിമിറ്റഡ്, തുടങ്ങിയവയിലെ ബഹുഭൂരിപക്ഷം ഓഹരികളും വിൽക്കാനും കാവൽമന്ത്രിസഭ തീരുമാനിച്ചിരിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന 35 പൊതുമേഖലാ സ്ഥാപനങ്ങൾ ഷെയർ വിൽക്കാൻ തീരുമാനിച്ചു. 1997-98 മുതൽ 5811 കോടി രൂപ ലാഭം ഉണ്ടായിരുന്നു. ഈ സ്ഥാപനങ്ങളിലെ ഷെയറാണ് വിൽക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇന്ത്യൻ എയർലൈൻസ് സ്വകാര്യവൽക്കരിക്കാൻ സർക്കാർ നേരത്തെ തീരുമാനിച്ചിരുന്നതാണ്. 40 നഗരങ്ങളിൽ എഫ്. എം. റേഡിയോസ്റ്റേഷൻ തുടങ്ങാൻ വഴിവിട്ട തീരുമാനങ്ങൾ എടുത്തിരിക്കുകയാണ്. ഈ പ്രശ്നം വളരെ ഗുരുതരമാണ്. വിശ്വാസം നഷ്ടപ്പെട്ട് കാവൽമന്ത്രിസഭയായി തുടരുന്ന കേന്ദ്രസർക്കാരിന് ഇത്ര സുപ്രധാനമായ തീരുമാനം എടുക്കാൻ ഭരണപരമായോ, ധാർമ്മികമായോ യാതൊരു അധികാരവുമില്ല. വമ്പിച്ച അഴിമതി നടത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ഈ തീരുമാനം. അത്തരം ഭരണഘടനാവിരുദ്ധമായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽനിന്നും കാവൽമന്ത്രിസഭയെ തടയാൻവേണ്ടി രാഷ്ട്രപതി ഇടപെടണം. ഇത്തരം നടപടിക്ക് എതിരായി സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തന്ത്രപ്രധാനമായ പൊതുമേഖലാ വ്യവസായങ്ങളെ ശക്തിപ്പെടുത്തുകയും പ്രാധാന്യം കുറഞ്ഞ വ്യവസായങ്ങളെ ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെയോ, ഓഹരി വിൽപ്പനയിലൂടെയോ സ്വകാര്യവൽക്കരിക്കുകയും ചെയ്യുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ നയം എന്ന് 1999-2000 വർഷത്തേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പ്രസ്താവിച്ചിട്ടുണ്ട്. അതനുസരിച്ച് നടപ്പുവർഷം 10,000 കോടി രൂപ ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ സമാഹരിക്കാനാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഡിസ് ഇൻവെസ്റ്റ്മെന്റ് കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കമ്മിഷൻ 1999 ഫ്രെബ്രുവരിവരെ എട്ടു റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നുവെന്നും മൊത്തം 43 സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഈ റിപ്പോർട്ടുകളിൽ അടങ്ങിയ ശുപാർശകളുടെ നടപ്പാക്കൽ പ്രക്രിയ വിവിധ ഘട്ടങ്ങളിലാണെന്നും കേന്ദ്ര ധനകാര്യ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. മറ്റ് ചില വ്യവസായ സ്ഥാപനങ്ങളെക്കൂടി കമ്മിഷന്റെ പഠനത്തിനുവേണ്ടി ശുപാർശ ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ 43 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നതിനെ സംബന്ധിച്ച് വ്യക്തമായ രൂപം ലഭ്യമല്ല. കേരളത്തിൽ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 5 ടെക്സ്റ്റൈൽ മില്ലുകൾ ഉൾപ്പെടെ 19 കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. മേൽപ്പറഞ്ഞ ടെക്സ്റ്റൈൽ മില്ലുകളെക്കൂടാതെ കേരളത്തിൽ മാത്രം ഉൽപ്പാദന യൂണിറ്റുകൾ ഉള്ള 5 വ്യവസായ സ്ഥാപനങ്ങളേ ഈ സംസ്ഥാനത്തുള്ളൂ. മറ്റുള്ളവയ്ക്ക് മറ്റ് ചില സംസ്ഥാനങ്ങളിലും യൂണിറ്റുകളുണ്ട്. ഈ കാരണത്താൽ സംസ്ഥാനത്തിലുള്ള കേന്ദ്ര പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ മൊത്തം ഓഹരി മൂലധന നിക്ഷേപം എത്രയാണെന്ന് ഇനിയും കണക്കാക്കിയിട്ടില്ല. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെ കാവൽ അല്ലാത്ത വ്യവസായ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി, അതിന്റെ 74 ശതമാനം വരെ ഓഹരികൾ ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ ഡിസ്ഇൻവെസ്റ്റ് കമ്മിഷൻ കേന്ദ്ര സർക്കാരിനോട് ശുപാർശ നൽകിയതായി വാർത്താമാധ്യമങ്ങളിൽനിന്നും അറിയുന്നു. അതു പോലെ ഫാക്ടിന്റെ 51 ശതമാനം ഓഹരി ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ നീക്കമുണ്ട് എന്നറിവായിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഡിസ്ഇൻവെസ്റ്റ് ചെയ്യാനുള്ള നീക്കത്തിനെതിരെ സംസ്ഥാനഗവണ്മെന്റ് ശക്തിയായ പ്രതി ഷേധം കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. അത്തരെ ഒരു ശുപാർശ നട ത്തിയിട്ടില്ലെന്ന് ഡിസ്ഇൻവെസ്റ്റ്മെന്റ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്. ഫാക്ടിന്റെ 51 ശതമാനം ഓഹരി ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യുന്നകാര്യം യഥാസമയം ആലോചിക്കുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഡിസ്ഇൻവെ സ്റ്റ്മെന്റ് സമീപനംകൊണ്ട് സർക്കാർ അറിയിച്ചിട്ടുണ്ട്. ഡിസ്ഇൻവെസ്റ്റ്മെന്റ് സമീപനം കൊണ്ട് മുൻകാലങ്ങളിൽ ലക്ഷ്യമിട്ടിരുന്നത് ബന്ധപ്പെട്ട വ്യവ സായ സംരംഭം സാമ്പത്തികഭദ്രത കൈവരിക്കുന്നതോടുകൂടി, അതിൽ സർക്കാരിന്റെ ബന്ധപ്പെട്ട ഹോൾഡിംഗ് കമ്പനിക്കോ ഉള്ള ഓഹരിയുടെ ഒരു ഭാഗം പിൻവലിക്കുകയും അപ്രകാരം സമാഹരിക്കുന്ന തുക പുതിയ സംരംഭ ങ്ങളിൽ മുതൽമുടക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ ലക്ഷ്യ മിടുന്നത് ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ സമാഹരിക്കുന്ന 10,000 കോടി രൂപ സമൂഹ്യ സേവനരംഗത്തും പശ്ചാത്തല സൗകര്യവികസനത്തിനുംവേണ്ടി വിനിയോഗിക്കുമെന്നാണ്. മുമ്പ് നരസിംഹറാവു ഗവണ്മെന്റിന്റെ കാലത്ത് ഇതിന്റെ മുന്നോടിയായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന നടന്നു. കോടിക്കണക്കിനു രൂപയ്ക്കാണ് വിൽപ്പന നടന്നത്. അതിൽ 5000 കോടി രൂപയുടെ അഴിമതി നടന്നതായി ആരോപണം ഉണ്ടായിരുന്നു. ഇപ്പോഴത്തെ നീക്കത്തിനും വൻതോതിൽ അഴിമതി നടന്നിട്ടുണ്ടെന്നാണ് അറിയുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനം നടപ്പിലായാൽ ഡിസ്ഇൻവെസ്റ്റ്മെന്റിന് വിധേയമാകുന്ന വ്യവസായസ്ഥാപനങ്ങളുടെ വികസ നത്തിനും വൈവിധ്യവൽക്കരണ പരിപാടികൾക്കുംവേണ്ടി ധനം വിവിധ ഏജൻസികളിൽനിന്നും സ്വരൂപിക്കുന്നതിലും അവ നടപ്പിലാക്കുന്നതിനും പ്രയാസമുണ്ടാകും, വിഷമമുണ്ടാകും. അത്തരം സ്ഥിതിവിശേഷം ഈ സ്ഥാപ നങ്ങളുടെ ഭാവിപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയും അവി ടത്തെ തൊഴിലാളികളുടെ ജീവിതത്തേയും അതിലുപരി ബന്ധപ്പെട്ട സ്ഥാപ നങ്ങളിലെ സാമ്പത്തിക പുരോഗതിയേയും ദോഷകരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം പ്രത്യേകിച്ചും കാവൽ മന്ത്രിസഭയുടെ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് സംസ്ഥാന ഗവ ണ്മെന്റിന്റെ നിലപാട്. അതിനായി കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) ഡോക്ടർ ജോഷി ജേക്കബിനെ അഭിനന്ദിക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. എം. മുരളി</u> : സർ, നോബൽ സമ്മാനത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുന്ന ഒരു മലയാളി ശാസ്ത്രജ്ഞനെ ഈ സഭ ഒന്നടങ്കം അഭിന ന്ദിക്കുകയും അദ്ദേഹത്തിന് ആശംസകൾ നേരുകയും ചെയ്യണമെന്ന് അപേ ക്ഷിക്കാനാണ് ഞാൻ ഈ സബ്മിഷൻ അങ്ങയുടെ അനുവാദത്തോടുകൂടി അവതരിപ്പിക്കുന്നത്. മനുഷ്യന്റെ അജയ്യത ഉയർത്തിക്കാട്ടുന്ന, അടുത്ത നൂറ്റാ ണ്ടിൽ ചികിത്സാരംഗത്ത് രോഗപ്രതിരോധത്തിന് ഒരു വിപ്ലവമായി മാറിയിരി ക്കുന്ന അപൂർവ്വ നേട്ടമാണ്. മലയാളിയായ ഈ മാവേലിക്കര സ്വദേശി. അമേ രിക്കയിലെ ജോർജിയായിലെ എമോറി സർവകലാശാലയിലെ മൈക്രോ ബയോളജി ആന്റ് ഇമ്മ്യൂണോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ

LIBRARY ARCHIVES Kerala Legislative Assembly